## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 7921          24-07-2012-ൽ മറുപടിക്ക്

### എനർജിമാനേജ് മെൻറ് സെൻററിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ<br>ശ്രീമതി. പി. ആയിഷാ പോറ്റി<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) സംസ്ഥാന എനർജി മാനേജ്മെന്റ് സെന്ററിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ | (എ) ഊർജ്ജ സംരക്ഷണ നിയമം നടപ്പിലാക്കുക.<br><br>എല്ലാ മേഖലയിലും ഊർജ്ജ കാര്യക്ഷമത കൈവരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ. അതിനായി വിവിധ ദേശീയ, അന്തർദേശീയ സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് ഗവേഷണ വികസന പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തുക., ഊർജ്ജ സംരക്ഷണ മേഖലയിലേക്കാവശ്യമായി മനുഷ്യ വിഭവശേഷി രൂപീകരണത്തിനായി സർട്ടിഫിക്കേഷൻ പരിശീലന പരിപാടികൾ നടപ്പിലാക്കുക എന്നിവയാണ് സെൻററിൻെറ ഉദ്ദേശലക്ഷ്യങ്ങൾ. |
| (ബി) എനർജി മാനേജ്മെന്റ് സെന്ററിന്റെ ഇപ്പോഴത്തെപ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ സെന്ററിന്റെ പ്രവർത്തനം തൃപ്തികരമാണോ; വ്യക്തമാക്കാമോ ; | (ബി) ഉണ്ട്. ഇ എം സി യുടെ പ്രവർത്തനം തൃപ്തികരമാണ്. 2008 ലും 2010 ലും കേന്ദ്ര ഊർജ്ജ മന്ത്രാലയം ഏർപ്പെടുത്തിയ ഊർജ്ജ സംരക്ഷണ അവാർഡ് ഇ എം സി ക്ക് ലഭിക്കുകയുണ്ടായി. 2010 ൽ കൗൺസിൽ ഓഫ് പവർ യൂട്ടിലിറ്റീസ് ഏർപ്പെടുത്തിയ ഇൻഡ്യാ അവാർഡും ഇ എം സി ക്ക് ലഭിച്ചിട്ടുണ്ട്. |

(സി) ഊർജ്ജ സംരക്ഷണത്തിനായി ഈ സ്ഥാപനം പുതുതായി എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചി ട്ടു ണ്ടോ ; വിശദാംശം നൽകാമോ ;

(സി) ഉണ്ട്.

- കേരളത്തിലെ 5 കോർപ്പറേഷനു കളിലും 60 മുനിസിപ്പാലിറ്റിയിലും ഊർജ്ജക്ഷമതയുള്ള 100 വീതം എൽ .ഇ.ഡി തെരുവ് വിളക്കുകൾ സ്ഥാപി ക്കുന്ന പദ്ധതി.
- ഗവൺമെന്റ് സെക്രട്ടേറിയേറ്റ് തിരുവനന്തപുരം, ഹൈക്കോടതി ബിൽഡിംഗ് എറണാകുളം, വികാസ് ഭവൻ തിരുവനന്തപുരം, കോഴിക്കോട് തൃശ്ശൂർ , എറണാകുളം എന്നിവിട ങ്ങളിലെ സിവിൽ സ്റ്റേഷനുകൾ എന്നിവ മാതൃകാ ഊർജ്ജ കാര്യക്ഷമ കെട്ടിടങ്ങളാക്കൽ.
- എനർജി ഇൻഫർമേഷൻ ബ്യൂറോ ആരംഭിക്കുക.

സംസ്ഥാന ഊർജ്ജ സംരക്ഷണ നിധിയിലെ ഫണ്ട് ഉപയോഗിച്ച് താഴെപ്പറയുന്ന പരിപാടികളും ലക്ഷ്യമിടുന്നു.

- വ്യവസായങ്ങൾക്കായി എനർജി ഓഡിറ്റ് സബ്സിഡി സ്കീം
- ബോധവൽക്കരണ പരിപാടികൾ
- 11 കളക്ടറേറ്റുകളുടെ ഊർജ്ജ ഓഡിറ്റ് ഊർജ്ജ കാര്യക്ഷമത മാതൃക പദ്ധതികൾ

(ഡി) സംസ്ഥാന ഊർജ്ജ സംരക്ഷണ ഫണ്ട് രൂപീകരിക്കാനും അതിലേയ്ക്ക് ഒരു യൂണിറ്റിന് ഒരു പൈസ നിരക്കിൽ സെസ്സ് ഏർപ്പെടുത്താനുമുള്ള നിർദ്ദേശം എനർജി മാനേജ്മെന്റ് സെന്റർ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ഡി) ഉണ്ട്. എല്ലാ വൈദ്യുത ഉപഭോക്താക്കളിൽ നിന്നും യൂണിറ്റിന് ഒരു പൈസ നിരക്കിൽ എനർജി എഫിഷ്യൻസി സെസ്സ് പിരിച്ചെടുക്കുന്നതിന് കേരള സം സ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ എനർജി മാനേജ്മെന്റ് സെന്റർ ഒരു പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. 19.07.2012 ൽ ബഹുമാനപ്പെട്ട കമ്മീഷൻ ഈ കാര്യത്തിൽ ഹിയറിംഗ് നടത്തുകയുണ്ടായി

| | |
|---|---|
| (ഞ) ഉപഭോക്താക്കളിൽ അധിക ഭാരം അടിച്ചേല്പിക്കുന്നപ്രസ്തുത നിർദ്ദേശത്തിന്മേൽ സർക്കാരിന്റെയും ബോർഡിന്റെയും അഭിപ്രായം വിശദമാക്കാമോ | (ഇ) ഇലക്ട്രിസിറ്റി ആക്ട്, 2003 — ലെ വ്യവസ്ഥകളനുസരിച്ച് സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന് ഊർജ്ജ സംരക്ഷണ സെസ്സ് ഉപഭോക്താക്കളിൽ നിന്നും ഈടാക്കവാനുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ അധികാരമില്ലെന്ന് ബോർഡ് രേഖാമൂലം കമ്മീഷനെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ അഭിപ്രായം രൂപീകരിക്കുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ.